പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1208

13/12/2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

# ഭൂരഹിത കുടുംബങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്താകെ എത്ര ഭൂരഹിത കുടുംബങ്ങൾ ഉണ്ടെന്നാണു കണക്കാക്കിയിട്ടുള്ളതെന്നതു സംബന്ധിച്ച് ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ; | (എ) കേരള സംസ്ഥാനത്തെ 2015-ാം ആണ്ടോടുകൂടി ഭൂരഹിത കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സീറോ ലാന്റ് ലെസ്സ് (സിറ്റിസൺസ്) കേരള 2015 എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളുടെ പ്രാഥമിക പരിശോധനയെ അടിസ്ഥാനമാക്കി സംസ്ഥാനത്ത് 233232 ഭൂരഹിത കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം (I) ആയി ചേർക്കുന്നു. |
| (ബി) ഇതിൽ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾ എത്രയെന്നു ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ബി) & (സി) വിവരം ശേഖരിച്ച് കഴിഞ്ഞിട്ടില്ല. |
| (സി) ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗ കുടുംബങ്ങൾ എത്രയെന്നു ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | |
| (ഡി)ഭൂരഹിതരായവർക്ക് ഭൂമി നൽകുന്നതിനു സംസ്ഥാനത്തു നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതി പ്രകാരവും ഒരു കുടുംബത്തിന് നൽകുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഏറ്റവും കുറവ് ഭൂമിയുടെ അളവെത്രയെന്നും വ്യക്തമാക്കുമോ | (ഡി) സംസ്ഥാനത്തെ ഭൂരഹിതരായവർക്ക് ഭൂമി നൽകുന്നതിനായി നിലവിൽ Zero Landless (Citizens) Kerala 2015 എന്ന പദ്ധതിയാണ് നിലവിലുള്ളത്. ഈ പദ്ധതി പ്രകാരം ഭൂരഹിതരായ ഓരോ കുടുംബത്തിനും വീട് വയ്ക്കാൻ 3 സെന്റ് ഭൂമി വീതം പതിച്ചു നൽകുവാനാണ് തീരുമാനമായിട്ടുള്ളത്. |
| (ഇ)പ്രസ്തുത കുടുംബങ്ങൾക്കെല്ലാം ഭൂമി വിതരണം ചെയ്യണമെങ്കിൽ കുറഞ്ഞത് എത്ര ഭൂമി വേണ്ടിവരുമെന്നാണു കണക്കാക്കപ്പെടുന്നത് ; | (ഇ) പദ്ധതി പ്രകാരം സമർപ്പിച്ച അപേക്ഷയുടെ പ്രാഥമിക പരിശോധനയിൽ 233232 കുടുംബങ്ങൾ ഭൂരഹിതരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർക്ക് വിതരണം ചെയ്യുന്നതിനായി ഏകദേശം 8000 ഏക്കർ ഭൂമി ആവശ്യമാണെന്ന് കാണുന്നു. |
| (എഫ്)സംസ്ഥാനത്തെ ഭൂരഹിതരായ വിവിധ വിഭാഗം ജനങ്ങൾക്ക് വിതരണം ചെയ്യുവാൻ കണ്ടെത്തിയിട്ടുള്ള ഭൂമി സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ; | (എഫ്) ഈ പദ്ധതി പ്രകാരം ഭൂരഹിതർക്ക് വിതരണം ചെയ്യുവാൻ ജില്ലാകളക്ടർമാർ കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം (II) ആയി ഇതോടൊപ്പം ചേർക്കുന്നു. |

(ജി)ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിതരണം ചെയ്ത മിച്ച ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്കും ഓരോ ജില്ലയിലും ആകെ എത്ര കുടുംബങ്ങൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ;

(ജി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം വിതരണം ചെയ്ത മിച്ചഭൂമിയുടെയും, മിച്ച ഭൂമി ലഭിച്ച കുടുംബങ്ങളുടെയും വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | വിതരണം ചെയ്ത മിച്ചഭൂമി (ഹെക്ടറിൽ) | മിച്ചഭൂമി ലഭിച്ച കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 0.14 | 3 |
| 2 | കൊല്ലം | ഇല്ല | ഇല്ല |
| 3 | പത്തനംതിട്ട | ഇല്ല | ഇല്ല |
| 4 | ആലപ്പുഴ | 6.73.91 | 42 |
| 5 | കോട്ടയം | ഇല്ല | ഇല്ല |
| 6 | ഇടുക്കി | ഇല്ല | ഇല്ല |
| 7 | എറണാകുളം | ഇല്ല | ഇല്ല |
| 8 | തൃശ്ശൂർ | ഇല്ല | ഇല്ല |
| 9 | പാലക്കാട് | 160.03.24 | 537 |
| 10 | മലപ്പുറം | 3.15.66 | 113 |
| 11 | കോഴിക്കോട് | ഇല്ല | ഇല്ല |
| 12 | വയനാട് | 2.98.35 | 71 |
| 13 | കണ്ണൂർ | 11.95.95 | 295 |
| 14 | കാസർഗോഡ് | ഇല്ല | ഇല്ല |

(എച്ച്)ഇക്കാലയളവിൽ ഏതെങ്കിലും സ്ഥാപനങ്ങൾക്ക് മിച്ചഭൂമി പതിച്ചുനൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ: എങ്കിൽ ഏതു ജില്ലയിൽ ഏതു സ്ഥാപനത്തിനാണു മിച്ചഭൂമി നൽകിയതെന്നും എത്ര ഭൂമി നൽകിയെന്നും വ്യക്തമാക്കുമോ ?

(എച്ച്) കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ തീക്കോയി വില്ലേജിൽ ക്ഷേത്ര സമുച്ചയം പണിയുന്നതിന് എസ്.എൻ.ഡി.പി യോഗം മീനച്ചിൽ താലൂക്ക് യൂണിയന് 15 ഏക്കറും, വിദ്യാഭ്യാസ സാംസ്കാരിക കേന്ദ്രം പണിയുന്നതിന് എസ്.എൻ.ഡി.പി യോഗത്തിന്റെ വിദ്യാഭ്യാസ ഏജൻസിയായ എസ്.എൻ ട്രസ്റ്റിന് 10 ഏക്കറും ഉൾപ്പെടെ 25 ഏക്കർ ഭൂമി സൗജന്യമായി പതിച്ചു നൽകി ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1. തിരുവനന്തപുരം

| | |
|---|---|
| വ്യാവസായിക/വാണിജ്യ ആവശ്യത്തിന് | 19.89075 ഹെ. |
| കൃഷി ആവശ്യത്തിന് | 16,83343 ഹെ |
| ഐ.ടി മേഖലയിൽ | 0.25236 ഹെ |

2. കൊല്ലം

ജില്ലയിൽ കൃഷി ഭൂമി, വ്യവസായം, ഐ.ടി, ടൂറിസം മേഖലയിൽ സ്വകാര്യ വ്യക്തികൾക്ക് 83.85.00 ഹെക്ടർ ഭൂമിയും സ്ഥാപനങ്ങൾക്ക് 80.9899 ഹെക്ടർ ഭൂമിയും പാട്ടത്തിന് നൽകിയിട്ടുണ്ട്.

3. പത്തനംതിട്ട

കാർഷിക ആവശ്യത്തിന് ജില്ലയിൽ 02.06.81 ഹെക്ടർ ഭൂമിയും വ്യവസായിക ആവശ്യത്തിന് 34.36.388 ഹെക്ടർ ഭൂമിയും പാട്ടത്തിനു നൽകിയിട്ടുണ്ട്. ഐ.ടി, ടൂറിസം മേഖലയ്ക്ക് ഭൂമി നൽകിയിട്ടില്ല.

4. ആലപ്പുഴ

| | |
|---|---|
| കൃഷി ആവശ്യത്തിന് | 412.3396 ഹെ |
| വ്യാവസായിക ആവശ്യത്തിന് | 510.1216 ഹെ |
| ഐ.ടി, ടൂറിസം മേഖലയിൽ | ഭൂമി പാട്ടത്തിന് നൽകിയിട്ടില്ല |

5. കോട്ടയം

കൃഷി ആവശ്യത്തിന് 28.14.00 ഹെക്ടർ ഭൂമിയും 70.98 ഹെക്ടർ ഭൂമി വ്യവസായത്തിനും പാട്ടത്തിന് നൽകിയിട്ടുണ്ട്. ഐ.ടി, ടൂറിസം മേഖലയിൽ ഭൂമി നൽകിയിട്ടില്ല.

6. ഇടുക്കി

| | |
|---|---|
| കാർഷിക ആവശ്യത്തിന് | 302.0586 ഹെക്ടർ |
| വ്യാവസായിക ആവശ്യത്തിന് | 149.9953 ഹെക്ടർ |
| ഐ.ടി മേഖലയിൽ | 0.2368 ഹെക്ടർ |

ടൂറിസം മേഖലയിൽ ഭൂമി പാട്ടത്തിന് നൽകിയിട്ടില്ല

7. എറണാകുളം

കൃഷി ആവശ്യത്തിന് 0.6140 ഹെക്ടർ ഭൂമിയും വ്യവസായ ആവശ്യത്തിന് 2.75709 ഹെക്ടർ ഭൂമിയും ടൂറിസം മേഖലയിൽ 0.1582 ഹെക്ടർ ഭൂമിയും പാട്ടത്തിന് നൽകിയിട്ടുണ്ട്.

8. തൃശ്ശൂർ

കൃഷി ആവശ്യത്തിന് 201 ഏക്കർ ഭൂമിയും വ്യവസായ ആവശ്യത്തിനായി 34.81 1/2 ഏക്കർ ഭൂമിയും പാട്ടത്തിനു നൽകിയിട്ടുണ്ട്. ഐ.ടി ടൂറിസം എന്നീ മേഖലകളിൽ ഭൂമി പാട്ടത്തിനു നൽകിയിട്ടില്ല.

അനുബന്ധം I

| Sl.no | District | |
|---|---|---|
| 1 | Thiruvananthapuram | 39636 |
| 2 | Kollam | 27822 |
| 3 | Pathanamthitta | 5791 |
| 4 | Alappuzha | 12229 |
| 5 | Kottayam | 9905 |
| 6 | Idukki | 8239 |
| 7 | Ernakulam | 29608 |
| 8 | Thrissur | 27196 |
| 9 | Palakkad | 20433 |
| 10 | Malappuram | 19997 |
| 11 | Kozhikode | 7145 |
| 12 | Wayanad | 4179 |
| 13 | Kannur | 10101 |
| 14 | Kasaragod | 10951 |
| Total | | 233232 |

S.O.

ഡയറക്ടറേറ്റ് II

# ZERO LANDLESS (CITIZENS) KERALA-2015

| District | No. of landless | Land Required(in Acres) |
|---|---|---|
| Thiruvananthapuram | 39636 | 1310.00 |
| Kollam | 27822 | 920.00 |
| Pathanamthitta | 5791 | 195.00 |
| Alappuzha | 12229 | 405.00 |
| Kottayam | 9905 | 330.00 |
| Idukki | 8239 | 275.00 |
| Eranakulam | 29608 | 980.00 |
| Trissur | 27196 | 900.00 |
| Palakkad | 20433 | 675.00 |
| Malappuram | 19997 | 660.00 |
| Kozhikode | 7145 | 240.00 |
| Wayanad | 4179 | 140.00 |
| Kannur | 10101 | 340.00 |
| Kasargod | 10951 | 365.00 |
| Total | **233232** | 7735.00 |

7735 ≈ 8000 Acres

S.O.